## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *214** — **09.03.2018- ൽ മറുപടിക്ക്**

## മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ആൻസലൻ<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, യു. ആർ. പ്രദീപ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മിനിമം വേതനം പുതുക്കാനായി നിശ്ചയിച്ചിട്ടുള്ള അഞ്ചുവർഷ കാലാവധി കഴിഞ്ഞിട്ടും മുൻ സർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് 5 വർഷ കാലാവധി കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ചുവടെ ചേർക്കുന്നു.<br>1. ഹോസ്റ്റൽസ്<br>2. ഐസ് ഫാക്ടറീസ്<br>3. സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ്<br>4. മുള, ചൂരൽ വ്യവസായം<br>5. ആന പരിപാലനം<br>6. സ്വർണ്ണം, വെള്ളി ആഭരണ നിർമ്മാണം<br>7. പ്രിന്റിംഗ് പ്രസ്സ്<br>8. മെഡിക്കൽ ഷോപ്പ്സ്<br>9.ആയുർവേദിക്ക് & അലോപ്പതിക്ക് മെഡിസിൻസ്<br>10.ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്<br>11. ഗാർഹിക തൊഴിൽ<br>12. അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ്<br>13. പേപ്പർ പ്രൊഡക്ഷൻ<br>14. ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി<br>15. സെക്യൂരിറ്റി സർവ്വീസ്<br>16. ഓയിൽ മിൽ സെക്ടർ<br>17. ലൈറ്റ് മോട്ടോർ വെഹിക്കിൾ<br>18. ബീഡി & സിഗാർ ഉത്പാദന വ്യവസായം<br>19. മൈനർ പോർട്ട്സ്<br>20. ലിക്വർ ട്രേഡിംഗ് & ലിക്വർ വെന്റിംഗ്<br>21. ഫോറസ്റ്റ്<br>22. സ്ക്രീൻ പ്രിന്റിംഗ്<br>23. ഫർണിച്ചർ ഇൻഡസ്ട്രി<br>24. റൈസ് മിൽ/ഫ്ളോർ മിൽ & ദാൽ മിൽ |

25. റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രി

26.സ്റ്റോൺ ബ്രേക്കിംഗ്/സ്റ്റോൺ ക്രഷിംഗ്, കൺസ്ട്രക്ഷൻ ഓർ മെയിന്റനൻസ് ഓഫ് റോഡ്സ് ഓർ ഇൻ ബിൽഡിംഗ് ഓപ്പറേഷൻസ്

27. സ്വീപ്പിംഗ് & ക്ലീനിംഗ്

28. ടോഡി ടാപ്പിംഗ്

29. മാനുഫാക്ചറിംഗ് & സെയിൽ ഓഫ് അമ്പ്രല്ല

30. സിനിമാ തീയേറ്റർ

31. ഡ്രൈയിംഗ് ഓഫ് കോക്കനട്ട് ഫോർ മേക്കിംഗ് ദെം കൊപ്ര

32. ഗാർമെന്റ് മേക്കിംഗ്

33. ഹാൻഡ്ലൂം ഇൻഡസ്ട്രി ഫോർ ഡെയ്ലി & പീസ് റേറ്റഡ് എംപ്ലോയീസ്

34. മൈനർ എഞ്ചിനീയറിംഗ്

35. ബ്ലോക്ക് റബ്ബർ ഫാക്ടറീസ്

36.ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ് & എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ്

37. ഹാന്റ്ലൂം ഇൻഡസ്ട്രി ഫോർ മന്ത്‌ലി പെയ്ഡ് എംപ്ലോയീസ്

38. ഖാദി ഇൻഡസ്ട്രി

39. എൽ.പി.ഗ്യാസ് ഏജൻസീസ്

(ബി) പ്രസ്തുത മേഖലകളിലെ മിനിമം വേതനം പുതുക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കാൻ വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഉൾപ്പെടുത്തി പരിശോധനകൾ നടത്തിവരുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്ത് വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും

155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(ഡി) വേതന സുരക്ഷാ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

(ഡി) വിവിധ തൊഴിൽ മേഖലകളിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കി വേതന സുരക്ഷയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് വേതന സുരക്ഷാ പദ്ധതി. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക്, സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു.

സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽ നിന്നും 164126 തൊഴിലാളികൾക്ക് 1583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ